# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5499 28.07.2015-ലെ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിഭജനം മൂലമുള്ള പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ജയിംസ് മാത്യു | ഡോ.എം.കെ.മുനീർ<br>പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) മുൻസർക്കാർ രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദോഷകരമായി മാറി എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) 02.04.2011 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗര കാര്യം, നഗര-ഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയ റിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിലേക്ക് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി ക്കൊണ്ടും 26.02.2011-ന് സ.ഉ.(കൈ) നം.61/2011/തസ്വഭവ പുറപ്പെടുവി ച്ചിരുന്നു. ഇപ്രകാരം രൂപം നൽകിയ ഏകീകൃത കേഡർ നയം ഉപേക്ഷിക്കുവാനായി സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) ഗ്രാമവികസനം, പഞ്ചായത്ത്, നഗരസഭകൾ എന്നിവ തമ്മിൽ വേർപ്പെടുത്തിയതും വകുപ്പുകൾ മൂന്ന് മന്ത്രിമാരുടെ കീഴിലായതും, അവയുടെ പ്രവർത്തനം ഏകോപിപ്പി ക്കുന്നതിൽ പരാജയപ്പെട്ടതും, അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾക്കും വികസന ത്തിനും വിഘാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ